## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3417 — 12.12.2014-ൽ മറുപടിക്ക്

### ബൃഹത്തായ നഗരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി എ അഹമ്മദ് കബീർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ബൃഹത്തായ നഗരവികസന പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ തനതു ഫണ്ടും സാങ്കേതികക്ഷമതയും നഗരസഭകൾക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് സർക്കാർതലത്തിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്തമേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടു കൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) ആരുടെയൊക്കെ സഹായമാണ് പ്രസ്തുത പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നത്; | (സി) ഇതിലേക്കായി 31 കൺസൾട്ടൻസി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് എംപാനൽ ചെയ്തിട്ടുണ്ട്. നഗരസഭകൾക്ക് ഈ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ഡി) എത്ര കോടി രൂപയാണ് പ്രസ്തുത പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്? | (ഡി) ഈ പദ്ധതിക്ക് നിലവിൽ തുകയൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ